# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 2762/25 തിയ്യതി : 05.06.2025

**ഹാജർ**

| | | |
|---|---|---|
| ടി.എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ.അസിയ.പി.കെ | - | മെമ്പർ |

ജി. ബാലചന്ദ്രൻ
GW 09 - D
സ്കൈലൈൻ വുഡ്സ്
സോമിൽ റോഡ്
കൺസ്യൂമർ നമ്പർ - 14333 – B.

പരാതിക്കാരൻ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

ഏപ്രിൽ 21 ന് ഇടവിട്ടുള്ള വൈദ്യുത തകരാറു മൂലവും ഏപ്രിൽ 22 ന് അതിരാവിലെ ഒരു മണിക്കൂറോളം വൈദ്യുതി മുടങ്ങിയതു മൂലവും ജോലി സംബന്ധമായ ബുദ്ധിമുട്ടുകൾ നേരിട്ടു എന്നതാണ് പരാതി. മുൻ നിശ്ചയ പ്രകാരമുള്ള അറ്റകുറ്റപ്പണികൾ മൂലം വൈദ്യുതി വിതരണം തടസ്സപ്പെടുന്ന സാഹചര്യത്തിൽ വിവരം ഉപഭോക്താവിനെ അറിയിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

**ഫോറത്തിൻെറ നടപടികൾ :**

22.04.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 27.05.2025 ന് ഫോറം പരാതി വിശദമായി പരിശോധിച്ചു.

**വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

21.04.25, 22.04.2025 എന്നീ ദിവസങ്ങളിൽ കൂർക്കഞ്ചേരി ഫീഡറിൽ ഉണ്ടായ ഇന്ററപ്ഷൻ പരിശോധിക്കുകയും ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കൺസ്യൂമർ നം.: 14333 – B യുടെ ഇന്ററപ്ഷൻ പരാതികൾ ഒന്നും ഫ്യൂസ് ഓഫ് കോൾ രജിസ്റ്ററിൽ ടി ദിവസങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

33 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ലഭിച്ച ഇന്ററപ്ഷൻ റിപ്പോർട്ട്.

| | | | | |
|---|---|---|---|---|
| 21.04.2025 | - | 14.51 to 15.35 Relay Test | - | 44 Minutes. |
| 22.04.2025 | - | 1.05 am to 4.25 am | - | 155 minutes. |

Earth Fault in Koorkkenchery feeder.

13.14 to 13.38 – 24 minutes Relay Testing in 33 KV feeder.

7.00 pm – 33 KV both feeders failed due to Natural calamity (structure മറിഞ്ഞു വീണു. Ikkanda warrier road) structure work പൂർത്തീകരിച്ച് 33 കെ.വി. സപ്ലൈ പുനഃസ്ഥാപിച്ചത് 23.04.2025 ന് 8.00 pm ന് ആണ്.

**ഫോറത്തിന്റെ നിഗമനം :**

മുൻ നിശ്ചയ പ്രകാരം വൈദ്യുതി തടസ്സം നേരിടുമ്പോൾ പത്രപ്പരസ്യം, SMS എന്നിവ മുഖേന ഉപഭോക്താവിനെ നിർബന്ധമായും ലൈസൻസി അറിയിപ്പ് നൽകേണ്ടതാണ്.

**ഉത്തരവ് നടപടികൾ :**

വൈദ്യുതി തടസ്സം യഥാസമയം ഉപഭോക്താവിനെ നിർബന്ധമായും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ലൈസൻസിയെ ചുമതലപ്പെടുത്തി, പരാതി തീർപ്പാക്കി ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ.കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |